# മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിക്ക് ആവേശത്തുടക്കം

സ്വന്തം ലേഖകൻ

കോഴിക്കോട്: ആവലാതികൾക്കും പരാതികൾക്കും അതിവേഗം പരിഹാരം നൽകി മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ജനസമ്പർക്ക പരിപാടിക്കു വൻ ജനപങ്കാളിത്തത്തോടെ തുടക്കം. സംസ്ഥാന തലത്തിൽ ജനസമ്പർക്ക പരിപാടിയുടെ തുടക്കം കുറിച്ച മലബാർ ക്രിസ്ത്യൻ കോളജ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിലെ പ്രത്യേക വേദിയിൽ മുഖ്യമന്ത്രിയുടെ മുന്നിലെത്തിയ പതിനായിരത്തിലധികം പരാതികൾക്കും തൽക്ഷണം പരിഹാരമായി. പരാതിക്കാരെയും അപേക്ഷകരെയും നേരിൽ കണ്ട മുഖ്യമന്ത്രി ഓരോരുത്തരുടെയും ആവശ്യങ്ങളും സങ്കടങ്ങളും കേൾക്കാൻ സമയം നൽകി, നിർദേശങ്ങൾക്കും ഉത്തരവുകൾക്കും കാതോർത്ത് കലക്ടർ പി. ബി. സലീമിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥ വൃന്ദം ഒപ്പം നിന്നു. പട്ടയം, വീടില്ലാത്തവർക്ക് വീട്, ചികിൽസ ധനസഹായം, വൈദ്യുതി കണക്ഷൻ, വിദ്യാഭ്യാസ ധനസഹായം, ജോലി, ആശ്രിത നിയമനം തുടങ്ങി പരിഹരിക്കപ്പെട്ട പ്രശ്നങ്ങളുമായാണ് ജനസമ്പർക്ക വേദിയിൽ നിന്ന് ആളുകൾ മടങ്ങിയത്.

വാഹന പണിമുടക്ക് ജനസമ്പർക്ക പരിപാടിയെ ബാധിച്ചില്ല. ഭരണം ജനങ്ങളിലേക്കെന്ന സന്ദേശം പ്രാവർത്തികമാക്കുന്നതിന്റെ ആദ്യ പടിയാണ് ഇവിടെ കയറുന്നതെന്ന് ഉമ്മൻ ചാണ്ടി ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കാൻ കഴിയില്ല, എന്നാൽ, പരിഹാരം ഉണ്ടാകേണ്ട കാര്യങ്ങൾ ശ്രദ്ധിക്കാതെ പോകുന്നത് ശരിയല്ല. ശ്രദ്ധിക്കപ്പെടാതെ കിടക്കുന്ന പരാതികൾ പരിഹരിക്കുന്നതിനാണ് ജനസമ്പർക്കമെന്നും മുഖ്യമന്ത്രി പറഞ്ഞു. ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിൽ അഭിപ്രായ വ്യത്യാസം മറന്ന് രാഷ്ട്രീയ പാർട്ടികൾ ഒന്നിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.



*കോഴിക്കോട്ടു നടന്ന ജനസമ്പർക്കപരിപാടിയിൽ, ശരീരം തളർന്ന കൊയിലാണ്ടി കൊല്ലം സ്വദേശി നിഷാദിനുവേണ്ട സഹായനിർദേശങ്ങൾ നൽകുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ടി.സിദ്ദീഖ്, കൗൺസിലർ പി. കിഷൻചന്ദ് തുടങ്ങിയവർ സമീപം.*